മാധ്യമം 6 May 2022



സി.എം.എഫ്.ആർ.ഐയുടെ മേൽനോട്ടത്തിൽ മൂത്തകുന്നത്ത് കല്ലുമ്മക്കായ കൃഷി വിളവെടുപ്പ് നടത്തുന്നു

# കല്ലുമ്മക്കായ വിളവെടുപ്പ്

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) മേൽനോട്ടത്തിൽ കുടുംബശ്രീ യൂനിറ്റുകൾ മൂത്തകുന്നത്തും ചേറ്റുവായിലും നടത്തിയ കല്ലുമ്മക്കായ കൃഷി വിളവെടുത്തു. മൂത്തകുന്നം കായലിൽനിന്ന് ഒന്നര ടണ്ണും ചേറ്റുവയിൽനിന്ന് 350 കിലോയുമാണ് വിളവെടുത്തത്. ശാസ്ത്രീയമായി ശുദ്ധീകരിച്ച ശേഷം തോടുകളഞ്ഞ കല്ലുമ്മക്കായ സി.എം.എഫ്.ആർ.ഐയിൽ ലഭ്യമാണ്. സി.എം.എഫ്.ആർ.ഐയുടെ ആറ്റിക് കൗണ്ടറിൽനിന്ന് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10നും വൈകീട്ട് നാലിനുമിടയിൽ വാങ്ങാം. 250 ഗ്രാം പാക്കറ്റിന് 200 രൂപയാണ് വില. ഫോൺ 0484 2394867 (എക്സ്റ്റൻഷൻ 406).